## എസ്.എൻ.എൽ.പി സ്കൂൾ
## കക്കാട്, മാമല

# അക്കാദമിക് മാസ്റ്റർ പ്ലാൻ




Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എസ്.എൻ.എൽ.പി. സ്കൂൾ, കക്കാട്-മാമല |
| വിലാസം | : മാമല പി.ഒ., 682305 |
| ഫോൺ | : 0484 2786957 |
| വിദ്യാഭ്യാസ ഉപജില്ല | : കോലഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | : ആലുവ |
| റവന്യൂ ജില്ല | : എറണാകുളം |
| ബി.ആർ. സി. | : കോലഞ്ചേരി |
| സി.ആർ. സി. | : ജെ.ബി.എസ്. വെണ്ണിക്കുളം |
| ഗ്രാമപഞ്ചായത്ത് | : തിരുവാണിയൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : വടവുകോട് |
| ജില്ലാപഞ്ചായത്ത് | : എറണാകുളം |
| നിയമസഭാ മണ്ഡലം | : കുന്നത്തുനാട് |
| ലോക്സഭാ മണ്ഡലം | : ചാലക്കുടി |
| താലൂക്ക് | : കുന്നത്തുനാട് |
| വില്ലേജ് | : തിരുവാണിയൂർ |
| ഇ-മെയിൽ | : sindumamala@gmail.com |

Scanned with OKEN Scanner

# ആമുഖം

തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ പാർശ്വത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമപ്രദേശമാണ് 'മാമല'. ദശാബ്ദങ്ങൾക്കു മുമ്പേ, തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും അതിർത്തിയായിരുന്ന ഈ ഗ്രാമം 'ചുങ്കപ്പുര'യുടെ പ്രധാന ആസ്ഥാനം എന്ന നിലയിൽ പ്രസിദ്ധമായിരുന്നു. ഇന്നും അതിന്റെ ബാക്കി പത്രമായ ഒരു എക്സൈസ് ഓഫീസ് ഈ ഗ്രാമത്തിലെ പ്രധാന സർക്കാർ സ്ഥാപനമായുണ്ട്. സാധാരണക്കാരായ ജനങ്ങൾ അധിവസിച്ചിരുന്ന ഈ പ്രദേശം മതസൗഹാർദ്ദത്തിന്റെ ഉത്തമമാതൃകയായിരുന്നു. വിദ്യാഭ്യാസാവശ്യങ്ങൾക്ക് കാതങ്ങൾ താണ്ടി യാത്ര ചെയ്യേണ്ടിയിരുന്നു. സാമൂഹ്യസംഘടനകൾ അന്നും ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്നു. 1946 സെപ്റ്റംബറിൽ ഇവിടെ ആരംഭിച്ച എസ്. എൻ. ഡി.പി. ശാഖയുടെ ഓഫീസ് മന്ദിരത്തിൽ കൊടിഞ്ഞൂര് വെള്ളത്തി ദേശത്ത് കാട്ട്യാട്ട് വീട്ടിൽ ഇട്യാതി എന്ന ഒരു സന്യാസി മാമല പ്രദേശത്തെ കുട്ടികൾക്ക് വേണ്ടി ഒരു കുടിപ്പള്ളിക്കൂടം നടത്തിയിരുന്നു.

ശ്രീ. ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇന്നാട്ടിലെ കുട്ടികൾക്ക് പ്രഥമിക വിദ്യാഭ്യാസം പരിഷ്കൃത രീതിയിൽ നൽകണമെന്നാഗ്രഹിച്ച് എസ്.എൻ. ഡി.പി. ശാഖായോഗം സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും 1964 മെയ് 27-ാം തീയതി കക്കാട് - മാമല ശ്രീനാരായണ ലോവർ പ്രൈമറി സ്കൂളിന് അംഗീകാരം ലഭിക്കുകയും ചെയ്തു. അതേവർഷം ജൂണിൽത്തന്നെ 1-ാം ക്ലാസ്സിൽ 96 കുട്ടികളും തുടർന്നുള്ള വർഷങ്ങളിൽ 4-ാം ക്ലാസ് വരെയും ഈ വിദ്യാലയത്തിൽ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. ക്രമേണ സ്കൂൾ വളർന്ന് ഓരോ സ്റ്റാൻഡേർഡും രണ്ട് ഡിവിഷനുകൾ എന്ന നിലയിൽ എത്തി. അന്നുമുതൽ ഇതഃപര്യന്തം മാമലയിലും പരിസരപ്രദേശങ്ങളിലുമുള്ള ആയിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് ആദ്യാക്ഷരം പകർന്നുകൊടുത്ത് വിജ്ഞാനവെളിച്ചം വിതറുന്ന സരസ്വതീക്ഷേത്രമായി ഈ കലാലയം നിലകൊള്ളുന്നു.

2000-ത്തിൽ പ്രീപ്രൈമറി ആരംഭിച്ചതോടുകൂടി വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും സ്കൂൾ ബസ്സ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ 260 കുട്ടികളും ഹെഡ്ടീച്ചർ തസ്തിക ഉൾപ്പെടെ 9 അദ്ധ്യാപകർ പ്രൈമറിയിലും, 4 അദ്ധ്യാപകരും 2 ആയമാരും പ്രീപ്രൈമറിയിലും ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നു. കോലഞ്ചേരി വിദ്യാഭ്യാസ ഉപജില്ലയിൽ അക്കാദമിക രംഗത്തും കലാ-കായിക-പ്രവൃത്തി പരിചയമേഖലകളിലും ഏറ്റവും മുന്നിൽ നിൽക്കുന്ന വിദ്യാലയങ്ങളിലൊന്നായി, കഴിഞ്ഞ കുറെ വർഷങ്ങളിലായി സ്ഥാനമുറപ്പിക്കുവാൻ മാമല എസ്.എൻ.എൽ.പി.എസിനു കഴിഞ്ഞു. ഭാഷാ പരിജ്ഞാനം, ഗണിതാവബോധം,

Scanned with OKEN Scanner

ശാസ്ത്രജ്ഞാനം, സാമൂഹിക-പാരിസ്ഥിതിക പരിജ്ഞാനം എന്നീ രംഗങ്ങളിൽ ഈ സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി പുറത്തു പോകുന്ന കുട്ടികൾ സമൂഹത്തിൽ ഉന്നത നിലവാരം പുലർത്തുന്നു. എൽ.എസ്.എസ് പരീക്ഷയടക്കമുള്ള റിജ്ഞാനോത്സവം, അക്ഷരമുറ്റം ക്വിസ് (സംസ്ഥാനതലം) തുടങ്ങിയ മത്സരപരീക്ഷകളിൽ ഈ സ്കൂളിലെ വിദ്യാർത്ഥികൾ വിജയികളാകുന്നത് ഇതിന് നിദർശനമാണ്.

സുവർണണ്ണജൂബിലിയോടനുബന്ധിച്ച് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ച പുതിയ സ്കൂൾ കെട്ടിടം എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയതാണ്. ശിശുസൗഹൃദ ക്ലാസുമുറികൾ, വൃത്തിയും വെടിപ്പുമുള്ള ശൗചാലയങ്ങൾ, ശുദ്ധമായ കുടിവെള്ള ലഭ്യത, നിരവധി കമ്പ്യൂട്ടറുകളോടു കൂടിയ ലാംഗ്വേജ് ലാബ്, മൾട്ടിമീഡിയ സൗകര്യം, മികച്ച പാചകപ്പുര, സൗകര്യപ്രദമായ ഭോജനശാല, കുട്ടികളുടെ കലാപരിപാടികൾക്ക് മികച്ച വേദിയൊരുക്കുന്ന സ്റ്റേജും ഹാളും എന്നിവയെല്ലാം ഈ സ്കൂളിൽ ലഭ്യമാക്കിയിട്ടുണ്ട്.

നിലവാരമുള്ള പഠന-പഠനേതര പ്രവർത്തനങ്ങളോടൊപ്പം സ്കൂൾ റേഡിയോ, കൊച്ചി എഫ്.എം റേഡിയോയിൽ കുട്ടികൾക്ക് അവസരങ്ങൾ തുടങ്ങിയവയെല്ലാം ഈ വിദ്യാലയത്തിലുണ്ട്. വർഷങ്ങൾക്കുമുമ്പേ, സ്കൂളിലെ മുഴുവൻ കുട്ടികളുടെയും രക്ഷിതാക്കളെ ഉൾപ്പെടുത്തി "അദ്ധ്യാപക രക്ഷാകർതൃയോഗം കുട്ടിയുടെ വീട്ടുമുറ്റത്ത്" എന്ന ആശയം ഈ സ്കൂളിന്റെ സംഭാവനയും വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കുന്ന ശക്തമായ ഒരു കണ്ണിയുമാണ്.

## പ്രതിസന്ധികൾ .... പരിമിതികൾ

കാലത്തിന്റെ ഗതിവേഗത്തിനൊപ്പം നമ്മുടെ കുഞ്ഞുങ്ങളെ മുന്നിലെത്തിക്കാൻ ഇനിയുമേറെ സൗകര്യങ്ങൾ ഈ വിദ്യാലയത്തിൽ ഒരുക്കേണ്ടതായിട്ടുണ്ട്. സൈബർയുഗത്തിന്റെ അനിവാര്യതയായ കമ്പ്യൂട്ടറുകൾ ആവശ്യത്തിന് ഇപ്പോൾ നമ്മുടെ ലാബിലില്ല. ക്ലാസ് റൂമുകൾ 'സ്മാർട്ട്' ആക്കാനും ദൃശ്യ-ശ്രവ്യ സാധ്യതകൾ പഠനപ്രക്രിയയിൽ ഉപയോഗിച്ച് കുട്ടികളെ ഉന്നത നിലവാരത്തിലെത്തിക്കാനും ഇനിയുമേറെ ചെയ്യാനുണ്ട്.

മാമലയുടെ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ട് പൊതുവേ വരണ്ട പ്രദേശമായതിനാൽ ഒരു ജൈവവൈവിധ്യപാർക്ക് മണ്ണിനും മനസ്സിനും കുളിരേകുംവിധം ഇവിടെ സാധ്യമാക്കേണ്ടതുണ്ട്.

ചെറുപ്പം മുതൽ തന്നെ വായനയുടെ അനന്തവിഹായസ്സിലേക്ക് നമ്മുടെ കുട്ടികളെ ആകർഷിക്കാൻ വ്യത്യസ്തമേഖലയിൽപ്പെട്ട പുസ്തകങ്ങളുമായി ലൈബ്രറി സൗകര്യം വിപുലപ്പെടുത്തേണ്ടതുണ്ട്.

Scanned with OKEN Scanner

സുരക്ഷിതമായ വാഹനപാർക്കിംഗിന് ഒരു വാഹനഷെഡ് നിർമ്മിക്കേണ്ടതുണ്ട്.

ശാരീരിക സുഖമില്ലാത്ത കുട്ടികൾക്ക് വിശ്രമിക്കുന്നതിനും പ്രാഥമികശുശ്രൂഷ നൽകുന്നതിനും ഒരു ഫസ്റ്റ് എയ്ഡ് റൂം താല്പര്യപ്പെടുന്നുണ്ട്.

പൊതുവിദ്യാലയമാണെങ്കിലും 'എയ്ഡഡ്' എന്ന പേരുള്ളതുകൊണ്ട് എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായം, എസ്. എസ്.എ., മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെയൊന്നും കാര്യമായ ധന സഹായം ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ സ്കൂളിന് കാര്യമായി ലഭിക്കാറില്ല. അതുകൊണ്ട് വിദ്യാലയത്തിന്റെ ഭൗതിക വികസനത്തിന് "സാമ്പത്തിക പ്രതിസന്ധി' വല്ലാതെ ഞങ്ങളെ അലട്ടുന്നു.

## 'പൊതുലക്ഷ്യങ്ങൾ'

- എല്ലാ കുട്ടികൾക്കും സൗജന്യവും സാർവ്വത്രികവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ ക്ലാസ് അടിസ്ഥാനത്തിൽ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി അവ നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപീകരിക്കുക.
- പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുക.
- കുട്ടികളുടെ കലാപരവും കായികവും അക്കാദമികവും ആയ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കുക
- സ്കൂൾ മികവുകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കുക.
- വിദ്യാലയത്തിന്റെ വളർച്ച നാടിന്റെ സാംസ്കാരിക വളർച്ചക്കായി അടയാളപ്പെടുത്തുക.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ഗണിതശേഷി വികസനം<br>• ശാസ്ത്രപോഷണ പരിപാടി<br>• പ്രതിഭാപോഷണ പരിപാടി<br>• കായിക പരിശീലനം<br>• ഹെലത്ത് ചെക്കപ്പ്<br>• പോഷകാഹാരപരിപാടി<br>• പച്ചക്കറിത്തോട്ടം<br>• ജന്മദിനത്തിനൊരു പുസ്തകം<br>• പഠനയാത്ര<br>• ഉപജില്ലാമേളകൾ<br>• ശലഭപാർക്ക്<br>• എൽ.എസ്.എസ്.പരിശീലനം<br>• ഇംഗ്ലീഷ് അസംബ്ലി | • സ്മാർട്ട് ക്ലാസ്സ് റൂം<br>• ലൈബ്രറി സൗകര്യം | • പ്രാദേശിക പി.ടി.എ<br>• പി. ടി. എ / എം.പി.ടി.എ/ സർഗ്ഗോത്സവം<br>• സ്കൂൾ കലണ്ടർ<br>• പൂർവ്വ വിദ്യാർത്ഥി സമ്മേളനം<br>• അങ്കണവാടി ഫെസ്ററ്<br>• ഗൃഹസന്ദർശനം |

Scanned with OKEN Scanner

<u>പദ്ധതി വിശദാംശങ്ങൾ</u>

പ്രവർത്തനം : 1. അക്കാദമികം

പേര് : മികച്ച രചനകൾ ഒരുക്കൽ

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം | ശിൽപശാലകൾ സംഘടിപ്പിച്ച് രൂപപ്പെടുന്ന ഉത്പ്പന്നം വായനാ സാമഗ്രിയായ് ഉപയോഗിക്കൽ | രണ്ട് മാസത്തിൽ ഒരു ഇപാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | സ്പോൺസർ ഷിപ്പ് |

പ്രവർത്തനം : 2.

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യ രൂപ ങ്ങൾ പരിചയ പ്പെടാൻ അവസ രമൊരുക്കൽ | കൂടുതൽ പുസ്തകങ്ങൾ ഗ്രന്ഥശാലയി ലേയ്ക്ക് കണ്ടെത്തൽ, വർഗ്ഗീകരിക്കൽ ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | അദ്ധ്യാപകൻ പി.ടി.ഐ. പൊതുസമൂഹം | 2000/ എസ്.എസ്.എ. സ്പോൺശർഷിപ്പ് |
| | | | | |

Scanned with OKEN Scanner

പ്രവർത്തനം : 3.

പേര് : സ്കൂൾ റേഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിലെ റേഡിയോ സ്ററുഡിയോവിൽ നിന്നും ഒഴിവുസമയങ്ങളിൽ കുട്ടികളുടെ പരിപാടികളുടെ അവതരണം | എല്ലാ ദിവസവും | എസ്.ആർ.ജി. | 10,000/ |

പ്രവർത്തനം : 4

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വിനിമയ ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 1 ദിവസം അസംബ്ലി മുഴുവനായും ഇംഗ്ലീഷ് അവതരണം | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | --- |

Scanned with OKEN Scanner

പ്രവർത്തനം : 5

പേര് : ഇംഗ്ലീഷ് തീയററർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ്ഭാഷയെ സർഗ്ഗാത്മക പ്രവർത്തനത്തിന് ഉപയോഗിക്കൽ | പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാററൽ, അവതരണം | പ്രതിമാസം | എച്.എം. ക്ലാസ്സ് ടീച്ചർ | 2000/ പി.ടി.എ. |

പ്രവർത്തനം : 6

പേര് : ഇംഗ്ലീഷ് ബുള്ളററിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് സർഗ്ഗാത്മക രചന ശേഷി (പരസ്യം) | ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കേന്ദ്രീകരിച്ച് ബുള്ളററിൻ തയ്യാറാക്കൽ | പ്രതിമാസം | ഇംഗ്ലീഷ് അദ്ധ്യാപകൻ | 1000/ |

Scanned with OKEN Scanner

പ്രവർത്തനം : 7

പേര് : ഇംഗ്ലീഷ് ആശംസാകാർഡ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | വിശേഷാവസര ങ്ങളിലും ജന്മദിനത്തിലും കാർഡ് തയ്യാറാക്കൽ | പ്രതിമാസം | ക്ലാസ്സ് ടീച്ചർ | 500/ പി.ടി.എ. |

പ്രവർത്തനം : 8

പേര് : കടങ്കഥ നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് കടങ്കഥകൾ നിർമ്മിക്കുന്നു ഉത്തരം കണ്ടെത്തുന്നു. | പ്രതി മാസം | ക്ലാസ്സിൽ എല്ലാ കുട്ടികളും | --- |

Scanned with OKEN Scanner

പ്രവർത്തനം : 9

പേര് : ടാൻഗ്രാം ശിൽപശാല

ഉപമേഖല : ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിതപഠനം ചലനശേഷികളുടെ വികാസം | വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു സവിശേഷതകൾ കണ്ടെത്തുന്നു പ്രദർശനം | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിതാദ്ധ്യാപകൻ | 500/ എസ്.എസ്.എ |

പ്രവർത്തനം : 10

പേര് : ഗണിതമൂല സജ്ജീകരിക്കൽ

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം സുഗമമാക്കൽ | ഒരു മുറിയിൽ ഗണിതമൂല സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/ |

Scanned with OKEN Scanner

പ്രവർത്തനം : 11

പേര് : മേളകൾ

മേഖല: അക്കാദമികം/ ശാത്രികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തന മാണെന്ന് മനസ്സിലാക്കുന്നു. | മേളകളിൽ കുട്ടിക ളുടെ പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | 5000/- |

പ്രവർത്തനം : 12

പേര് : പഠനയാത്രകൾ

മേഖല: : സയൻസ്/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തി ലൂടെ പഠനം | പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് പഠനറാത്ര നടത്തൽ | ആവശ്യമു ള്ളപ്പോൾ | എച്ച്..എം | 5000/ |

Scanned with OKEN Scanner

പ്രവർത്തനം : 13

പേര് : ടാലന്റ് ലാബ്- പ്രതിഭാപോഷണ പരിപാടി

ഉപമേഖല : ഭാഷ, കല, കായികം, നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും | കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | എസ്.ആർ. ജി. | 5000/ |

പ്രവർത്തനം : 14

പേര് : കായിക പരിശീലനം

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് കായിക പരിശലനം കാര്യക്ഷമമാക്കൽ | രാവിലെ വൈകീട്ട് പരിശീലനം ലഘുഭക്ഷണം | ആഴ്ചയിൽ രണ്ട് ദിവസം | കായിക താൽപര്യ മുള്ള അദ്ധ്യാ പകൻ | 5000/ |

Scanned with OKEN Scanner

പ്രവർത്തനം : 15

പേര് : ഹെൽത്ത് ചെക്കപ്പ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തൽ | കുട്ടികളുടെ ഉയരം തൂക്കം ആഹാരപോഷണ പരിപാടി രോഗപ്രതിരോധം എന്നിവ ശ്രദ്ധിക്കൽ | 6 മാസത്തിൽ ഒന്ന് | ഹെൽത്ത് നേഴ്സ് | 2000/ |

പ്രവർത്തനം : 16

പേര് : പച്ചക്കറിത്തോട്ടം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കാരത്തെ വളർത്തിയെടുക്കൽ | വിദ്യാലയത്തിലെ അടുക്കളത്തോട്ടം നിർമ്മിക്കൽ, പരിപാലിക്കൽ | വർഷം മുഴുവൻ | എസ്.ആർ.ജി. പി.ടി.എ. | 5000/ (കൃഷിഭവൻ) |

Scanned with OKEN Scanner

പ്രവർത്തനം : 17

പേര് : പോഷകാഹാരപരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | വ്യത്യസ്ത മെനുവെച്ച് പോഷകാഹാരം നൽകൽ | എല്ലാ ദിവസവും | ഉച്ചഭക്ഷണ ചുമതലയുള്ള അദ്ധ്യാപകൻ എച്ച്.എം | 30,000/ (പഞ്ചായത്ത് ഫണ്ട്) |

പ്രവർത്തനം : 18

പേര് : ജൻമദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | വ്യത്യസ്ത മെനുവെച്ച് പോഷകാഹാരം നൽകൽ | എല്ലാ ദിവസവും | ഉച്ചഭക്ഷണ ചുമതലയുള്ള അദ്ധ്യാപകൻ എച്ച്.എം | 30,000/ (പഞ്ചായത്ത് ഫണ്ട്) |

Scanned with OKEN Scanner

പ്രവർത്തനം : 19

പേര് : ശലഭ പാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം | സൗകര്യപ്രദമായ സ്ഥലത്ത് ശലഭ പാർക്ക് നിർമ്മിക്കൽ പരിപാലനം | വർഷത്തിൽ ഒരു പ്രാവാ ശ്യം തുടർ സംരക്ഷണം | എസ്.ആർ.ജി | 20,000/- ഗവ.ഫണ്ട് |

പ്രവർത്തനം : 20

പേര് : കയ്യെഴുത്ത് മാസിക, എന്റെ മാസിക

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക ശേഷികളെ വളർത്തുന്നതിന് | എല്ലാ മാസവും കുട്ടികളുടെ രചനകൾ സമാഹരിച്ച് രചനകൾ പുറത്തിറക്കുന്നു. | ഒരു വർഷം | എസ്.ആർ.ജി. കുട്ടികൾ | |

Scanned with OKEN Scanner

പ്രവർത്തനം : 21

പേര് : എൽ.എസ്.എസ് പരിശീലനം, എൽ.എസ്.എസ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതു പരീക്ഷകളെ അഭിമുഖീകരിക്കുവാനുള്ള കഴിവ് നേടൽ | നാലാം ക്ലാസ്സിലെ മികച്ച കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ | ഒരു വർഷം | അദ്ധ്യാപകൻ ഇക്ഷിതാക്കൾ കുട്ടികൾ | 1000/- |

പ്രവർത്തനം : 22

പേര് : സ്മാർട്ട് ക്ലാസ്സ് റൂം.

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആധുനിക സാങ്കേതിക വിദ്യ കൊണ്ട് പഠനം മെച്ചപ്പെടുത്തൽ | സ്മാർട്ട് ക്ലാസ്സ് തയ്യാറാക്കൽ | നാല് വർഷം | പി.ടി.എ. എസ്.ആർ.ജി. | രണ്ട് ലക്ഷം എം.എൽ.ഫണ്ട് |

Scanned with OKEN Scanner

പ്രവർത്തനം : 23

പേര് : ലൈബ്രറി സൗകര്യങ്ങൾ.

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലൈബ്രറി നവീകരിക്കൽ | പുസ്തകം ശേഖരിച്ചു വെയ്ക്കാവുന്ന ഷെൽഫുകൾ റീഡിംഗ് റൂം | മൂന്ന് വർഷം | പി.ടി.എ. എസ്.ആർ.ജി | 5000/- (സ്പോൺസർ ഷിപ്പ്) |

പ്രവർത്തനം : 24

പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയ പരിസരം വിവിധ മേഖലകളാക്കി തിരിച്ച് രക്ഷിതാക്കളുടെ യോഗം ചേരൽ | വർഷത്തിൽ അഞ്ച് പ്രാവശ്യം | പി.ടി.എ. എസ്.ആർ.ജി | 5000/- (സ്പോൺസർ ഷിപ്പ്) |

Scanned with OKEN Scanner

പ്രവർത്തനം : 25

പേര് : വിദ്യാർത്ഥി സംഗമം

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ വിദ്യാർത്ഥി കളെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ | 2,000/- |

പ്രവർത്തനം : 26

പേര് : പി.ടി.എ./എം.പി..ടി.എ. സർഗ്ഗോത്സവം

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അദ്ധ്യാപക-രക്ഷാ കർതൃ ബന്ധം ശക്തമാക്കുക | പി.ടി.എ. മദേഴ്സ് ഫോറം, അദ്ധ്യാപ കർ എന്നിവർ സംയുക്തമായി അവതരിപ്പിക്കുന്ന കലാപരിപാടികൾ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ./ എം.പി..ടി.എ എസ്.ആർ.ജി. | 5,000/- (പി.ടി.എ) |

പ്രവർത്തനം : 27

പ്രവർത്തനം : 27

പേര് : സ്കൂൾ കലണ്ടർ

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവക്കൽ | വിദ്യാലയത്തിലെ അക്കാദമിക് പ്രവർത്തനങ്ങൾ സാധാരണ കലണ്ടർ എന്നിവ ചേർത്ത് അച്ചടിച്ച് സമൂഹത്തിന് നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.ആർ.ജി. | 15,000/- (പരസ്യം) |

പ്രവർത്തനം : 28

പേര് : അങ്കണവാടി ഫെസ്ററ്, അങ്കണവാടി കലോത്സവം കിലുക്കാം പെട്ടി

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നു. | പഞ്ചായത്തിലെ അങ്കണവാടികളിൽ നിന്നുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തി അവരുടെ മികവുകൾ അവതരിപ്പിക്കുവാൻ അവസരം ലഭ്യമാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.ആർ.ജി. പൂർവ്വ വിദ്യാർത്ഥികൾ | 25,000/- (വാർഡുമെമ്പർ) |

കുട്ടികളുടെ എണ്ണ്

പ്രവർത്തനം : 29

പേര് : ഗൃഹസന്ദർശനം, വീടുകളിലേക്ക്

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ജീവിത സാഹചര്യം മനസ്സിലാക്കി അവർക്ക് വേണ്ട പിന്തുണ നൽകൽ | ഓരോ കുട്ടികളുടേയും വീട് സന്ദർശിക്കുക | ഒരു വർഷം | അദ്ധ്യാപകർ എസ്.ആർ.ജി | 5000/- |

പ്രവർത്തനം : 30

പേര് : സ്കൗട്ട് & ഗൈഡ് പരിശീലനം

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ അനുസരണ, മര്യാദ, വൃത്തി, എന്നീ ശീലങ്ങൾ ഉറപ്പാക്കുക. | സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളികളാകുക | ആഴ്ചയിൽ ഒരു ദിവസം | ശ്രീ. തരുൺ തമ്പി | 1000/- |

## കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

Scanned with OKEN Scanner

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
- ഭാഷാശേഷി വികസനം സാധ്യമാകുന്നു
- അടിസ്ഥാന ശാസ്ത്ര-ഗണിതശാസ്ത്ര ശേഷികൾ പരിപോഷിപ്പിക്കുന്നു
- കുട്ടികളിൽ സർഗ്ഗശേഷി വികസനം സാധ്യമാകുന്നു.
- മെച്ചപ്പെട്ട ആരോഗ്യ- കായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നു.
- അനുയോജ്യവും ആകർഷകവുമായ ഭൗതിക സൗകര്യം ഒരുക്കുന്നു.
- 'സ്കൂൾ സമൂഹത്തിന് ' എന്ന ആശയം സാക്ഷാൽകരിക്കുന്നു.

## ഉപസംഹാരം

പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിദാഭ്യാസരംഗത്ത് അനിവാര്യമായ മാററങ്ങളും പുരോഗമനാത്മകമായ പ്രവർത്തനങ്ങളും കൊണ്ടുവരേണ്ടത് പുതുതലമുറയുടെ ആരോഗ്യ മൂർണ്ണമായ വളർച്ചയ്ക്ക് അനിവാര്യമാണല്ലോ. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാററാനും, നമ്മുടെ കുട്ടികളെ കാലം ആവശ്യപ്പെടുന്ന ഏതു വെല്ലുവിളികളേയും അതിജീവിക്കാൻ പ്രാപ്തരാക്കുവാനും വിദ്യാഭ്യാസ സംരക്ഷണയജ്ഞം സംസ്ഥാനത്തെമ്പാടും മുന്നേറുകയാണല്ലോ. നാളിതുവരെ പിൻതുടർന്ന സമസ്ത നൻമകളോടും കൂടെ മാമല എസ്.എൻ.എൽ.പി. എന്നും ഇതിൽ കണ്ണി ചേരുകയാണ്. അക്കാദമിക മികവാണ് മറ്റെന്തിനേക്കാളും ഒരു വിദ്യാലയത്തിന്റെ മികവായി പൊതുസമൂഹം കണക്കാക്കുന്നത് എന്നതിനാൽ ഭൗതിക സൗകര്യങ്ങളോടൊപ്പം വൈജ്ഞാനിക സംപോഷണത്തിന് നമ്മുടെ വിദ്യാലയം ഊന്നൽ നൽകുന്നു. ഇക്കഴിഞ്ഞ അരനൂററാണ്ടുകാലം ഈ വിദ്യാലയത്തിന്റെ വളർച്ചക്കും പുരോഗതിക്കും വേണ്ടി നിലകൊണ്ട എല്ലാ സുമനസ്സുകളുടെ സഹകരണം സവിനയം പ്രതീക്ഷിക്കുന്നു.

---

## കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| Year | Pre-Primary Total | I | II | III | IV | TOTAL |
|---|---|---|---|---|---|---|
| 2009-10 | 84 | 56 | 53 | 51 | 52 | 212 |
| 2010 – 11 | 75 | 52 | 55 | 49 | 52 | 208 |
| 2011 – 12 | 74 | 26 | 52 | 52 | 45 | 185 |
| 2012 – 13 | 71 | 45 | 33 | 51 | 47 | 176 |
| 2013-14 | 55 | 36 | 44 | 33 | 47 | 160 |
| 2014-15 | 70 | 37 | 39 | 46 | 36 | 158 |
| 2015-16 | 71 | 36 | 37 | 43 | 47 | 163 |
| 2016-17 | 100 | 39 | 37 | 42 | 42 | 160 |
| 2017-18 | 96 | 44 | 40 | 37 | 44 | 165 |
| 2018-19 | 102 | 52 | 45 | 41 | 37 | 175 |
| 2019-20 | 100 | 47 | 57 | 47 | 41 | 192 |
| 2020-21 | 108 | 51 | 48 | 57 | 47 | 203 |
| 2021-22 | 100 | 59 | 52 | 51 | 60 | 222 |
| 2022-23 | 98 | 56 | 64 | 52 | 51 | 223 |
| 2023-24 | 106 | 50 | 52 | 62 | 50 | 214 |
| 2024-25 | 90 | 51 | 47 | 54 | 61 | 213 |

## അദ്ധ്യാപകരുടെ എണ്ണം : 2025 – 26

| | |
|---|---|
| പ്രധാന അദ്ധ്യാപകൻ | 1 |
| എൽ.പി.എസ്. എ. | 8 |

Scanned with OKEN Scanner




# S N L P SCHOOL KAKKAD MAMALA

**MAMALA P O 682305**
**KOLENCHERY Ednl.Sub.Dist**
**ALUVA Ednl. Dist**
**ERNAKULAM Rev. Dist**
**SCHOOL CODE 25625**

Scanned with OKEN Scanner